30 (471) ഏരിയ ഇന്റൻസീവ് പ്രോഗ്രാം

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം കേന്ദ്ര വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഇക്കൊല്ലം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇക്കൊല്ലം എത്ര സ്കൂളുകൾ അനുവദിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് പെൺകുട്ടികൾക്കായുള്ള റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനം കേന്ദ്ര സർക്കാരാണ് കൈക്കൊള്ളുന്നത്. ആയതിനാൽ എത്ര സ്കൂളുകൾ അനുവദിക്കുമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

31 (472) മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി പ്രകാരം കേന്ദ്രത്തിൽനിന്നുള്ള ആദ്യവിഹിതം എന്നാണ് ലഭിച്ചത്;

(ബി) രണ്ടാം ഗഡു ഇതിനകം ലഭ്യമായിട്ടുണ്ടോ;

(സി) പദ്ധതി വിഹിതത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനുള്ള പ്രൊപ്പോസൽ ഇതിനകം തയ്യാറാക്കി കേന്ദ്രത്തിന് അയച്ചുകൊടുത്തുവോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) കേന്ദ്രത്തിന് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ ഒരു പ്രതി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കേന്ദ്ര സർക്കാരിൽനിന്നും ഗഡുക്കളായല്ല ഗ്രാന്റ് ലഭിക്കുന്നത്. 1996-ൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് അർഹതപ്പെട്ട മദ്രസകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയിൻ കീഴിൽ തുടർന്നുള്ള ഗ്രാന്റ് ലഭിക്കുന്നതിലേക്കായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി&ഇ) ചോദ്യം ഉദിക്കുന്നില്ല.

32 (473) സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്രം നൽകിവരുന്ന ഭക്ഷ്യ വസ്തുക്കൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്രം നൽകിവരുന്ന ഭക്ഷ്യവസ്തുക്കളിൽ നിന്ന് അവർക്ക് ഭക്ഷണം നൽകിയശേഷം പ്രതിമാസം എത്ര അരി ബാക്കി വരുന്നുണ്ട്;

(ബി) ഈ അരി കുട്ടികൾക്ക് അരിയായി തന്നെ വിതരണം ചെയ്യുന്നതിന് കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ;

(സി) 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 വർഷം ഇതുവരെയും കേന്ദ്രം തന്ന അരിയിൽ കുട്ടികൾക്ക് ഭക്ഷണമാക്കി നൽകിയശേഷം എത്ര അരി വീതം ബാക്കി വന്നിട്ടുണ്ട്;

(ഡി) ഇപ്രകാരം അരി ബാക്കിവരാനുള്ള കാരണമെന്ത്;

(ഇ) ഈ കാലയളവുകളിൽ ബാക്കിവന്ന അരിയിൽനിന്നും എത്ര അരി വീതം കുട്ടികൾക്ക് അരിയായി നൽകി;

(എഫ്) ഈ കാലയളവിൽ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഭക്ഷ്യവസ്തുക്കളിൽ നിന്നും എത്ര ഭക്ഷ്യവസ്തുക്കൾ സംസ്ഥാനം എടുക്കാതിരുന്നിട്ടുണ്ട്;

(ജി) ഇപ്രകാരം ഭക്ഷ്യവസ്തുക്കൾ എടുക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റ് ഉച്ചഭക്ഷണ പരിപാടിക്കായി അനുവദിച്ചിട്ടുള്ള അരിയിൽനിന്നും ദൈനംദിന ഭക്ഷണ വിതരണത്തിനുശേഷം പ്രതിമാസം ശരാശരി 2700 മെട്രിക് ടണ്ണോളം അരി മിച്ചം വരുന്നുണ്ട്.

(ബി) കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

(സി) 1997-98 അദ്ധ്യയനവർഷം 44319.086 മെട്രിക് ടൺ അരിയും 1998-99 അദ്ധ്യയനവർഷം 30327.819 മെട്രിക് ടൺ അരിയും കേന്ദ്രം ഉച്ചഭക്ഷണ പരിപാടിക്കായി അനുവദിച്ച അരിയിൽനിന്നും ദൈനംദിന ഭക്ഷണ വിതരണത്തിനുശേഷം മിച്ചം വന്നിട്ടുണ്ട്. അദ്ധ്യയനവർഷം അവസാനിക്കാത്തതുകൊണ്ടും ദൈനംദിന ഭക്ഷണവിതരണം തുടരുന്നതുകൊണ്ടും 1999-2000 അദ്ധ്യയനവർഷത്തെ കണക്കുകൾ പൂർണ്ണരൂപത്തിൽ ഇപ്പോൾ ലഭ്യമല്ല.

(ഡി) ഇന്ത്യാ ഗവൺമെന്റ് പദ്ധതി അനുസരിച്ച് കുട്ടി ഒന്നിന് പ്രതിദിനം 100 ഗ്രാം എന്ന തോതിൽ 10 മാസത്തേയ്ക്ക് അരി ലഭിക്കുന്നു. സംസ്ഥാനത്ത് ഇതിനു മുമ്പ്തന്നെ നിലനിന്നിരുന്ന പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ ഈ അരിയിൽനിന്നും 60 ഗ്രാം അരിയും സംസ്ഥാന ഗവ. വിഹിതമായ,

LIBRARY ARCHIVES Kerala Legislative Assembly